# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 17 | 2021 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.sabarimala.kerala.gov.in prdsabarimala2021@gmail.com

---

**ശുചീകരണ വഴിപാട് പദ്ധതി ഉദ്ഘാടനം ശനിയാഴ്ച (ഡിസംബർ 18ന് )**

ജില്ലാ ഭരണകേന്ദ്രവും ഹരിത കേരള മിഷനും ശബരിമല സാനിറ്റേഷൻ സൊസൈറ്റിയും ചേർന്ന് ഫെഡറൽ ബാങ്കിന്റെ സഹായത്തോടെ സംഘടിപ്പിക്കുന്ന 'ശുചീകരണ വഴിപാട്' പദ്ധതിക്ക് ഇന്ന് (18 ശനി) തുടക്കമാകും. വിശുദ്ധി സേനാംഗങ്ങളുമായി ചേർന്ന് പമ്പയിൽ അയ്യപ്പന്റെ പൂങ്കാവനം ശുചിയാക്കുന്നതിന് തീർത്ഥാടകർക്കും അവസരം നൽകുകയാണ് ശുചീകരണ വഴിപാട് പദ്ധതിയിലൂടെ. സ്വച്ഛം ഹരിതം ശബരിമലയുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. പരിപാടിയുടെ ഉദ്ഘാടനം ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ പമ്പയിൽ നിർവഹിക്കും. ശബരിമല എഡിഎം അർജുൻ പാണ്ഡ്യൻ, അടൂർ ആർഡിഒ തുളസീധരൻ നായർ, ഹരിത കേരളം മിഷൻ ജില്ലാ കോ ഓർഡിനേറ്റർ ആർ രാജേഷ്, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

പൂങ്കാവനം ശുചിയായി സൂക്ഷിക്കേ ത് ഓരോ ഭക്തരുടേയും ഉത്തരവാദിത്തമാണെന്ന് ശബരിമല എഡിഎം അർജുൻ പാണ്ഡ്യൻ പറഞ്ഞു. ശുചീകരണ യജ്ഞത്തിൽ പങ്കാളികളാകുന്ന തീർത്ഥാടകർക്ക് തുളസിച്ചെടി സൗജന്യമായി നൽകും. പമ്പയിൽ ശുചീകരണ യജ്ഞത്തിൽ

പങ്കാളികളാകുന്നവർ നടുന്ന തുളസിച്ചെടികൾ കൊ ് തുളസി വനം സൃഷ്ടിക്കുകയാണ് ലക്ഷ്യം. ദേവസ്വം വകുപ്പ് മന്ത്രിയുടെ മീറ്റിംഗിൽ ലഭിച്ച ആശയപ്രകാരമാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ പമ്പയിൽ ആരംഭിക്കുന്ന പദ്ധതി പിന്നീട് സന്നിധാനത്തേക്കും വ്യാപിപ്പിക്കും. വിവരങ്ങൾക്ക്: 9496002423. ജില്ലാ ഭരണകേന്ദ്രത്തിന്റെ നേതൃത്വത്തിൽ 1995 ലാണ് ശബരിമല സാനിറ്റേഷൻ സൊസൈറ്റി രൂപീകരിച്ചത്. ജില്ലാ കളക്ടർ ചെയർമാനും അടൂർ ആർഡിഒ മെമ്പർ സെക്രട്ടറിയുമായാണ് ഇത് രൂപീകരിച്ചിട്ടുള്ളത്. 501 പേരാണ് ഈ വർഷം വിശുദ്ധി സേനയിലുള്ളത്. തമിഴ്നാട്ടിൽ നിന്നെത്തിയവരാണ് എല്ലാ വിശുദ്ധി സേനാംഗങ്ങളും. 25 വർഷം പൂർത്തിയാക്കിയ വിശുദ്ധി സേനാംഗങ്ങളെ ചടങ്ങിൽ ആദരിക്കും.

## ശബരിമല ദർശനം സ്പോട്ട് ബുക്കിംഗിന് പ്രിയമേറുന്നു.

ശബരിമല: ശബരിമല ദർശനത്തിന് തൽസമയം ബുക്ക് ചെയ്ത് വരുന്നവരുടെ എണ്ണമേറുന്നു. വെർച്വൽ ക്യൂ ബുക്കിംഗ് പൂർണ്ണമായ സാഹചര്യത്തിലാണ് ദേവസ്വം ബോർഡ് പത്തിടങ്ങളിൽ സ്പോട്ട് ബുക്കിംഗ് സൗകര്യമൊരുക്കിയത്. ഇതിനോട് മികച്ച പ്രതികരണമാണ് തീർത്ഥാടകരിൽ നിന്നുമു ാകുന്നത്.ബേസ് സ്റ്റേഷനായ നിലയ്ക്കലിൽ നാല് കൗ റുകളാണ് സ്പോട്ട് ബുക്കിംഗിനായി ഒരുക്കിയത്. തീർത്ഥാടന വഴിയിലെ ഇടത്താവളങ്ങളായ എരുമേലി ശ്രീധർമ്മശാസ്താ ക്ഷേത്രം, കുമിളി ചെക്ക് പോസ്റ്റ്, തിരുവനന്തപുരം ശ്രീകണ്ഠേശ്വരംമഹാദേവ ക്ഷേത്രം,, ഏറ്റുമാനൂർ ശ്രീ മഹാദേവ ക്ഷേത്രം, കൊട്ടാരക്കര ശ്രീ മഹാഗണപതി ക്ഷേത്രം, പന്തളം വലിയകോയിക്കൽ ക്ഷേത്രം, പെരുമ്പാവൂർ ശ്രീ ധർമ്മശാസ്താ ക്ഷേത്രം, കീഴില്ലം മഹാദേവക്ഷേത്രം എന്നിവിടങ്ങളിലും സ്പോട്ട് ബുക്കിംഗ് നടത്താം. ഒരു ദിവസം 5000 തീർത്ഥാടകരെയാണ് സ്പോട്ട് ബുക്കിംഗ് വഴി കടത്തിവിടുന്നത്. വെർച്വൽ ക്യൂ ബുക്ക് ചെയ്തിട്ടും തീർത്ഥാടകർ വരാത്തതിനെ തുടർന്നുള്ള ഒഴിവുകൾ സ്പോട്ട് ബുക്കിംഗിലേക്ക് മാറ്റുന്നതിനാൽ കൂടുതൽ പേർക്ക് അവസരം ലഭിക്കുന്നു ്. ര ് വാക്സിനേഷൻ എടുത്തതിന്റെ സർട്ടിഫിക്കറ്റ് അതല്ലെങ്കിൽ 72 മണിക്കൂർ മുൻപ് എടുത്ത ആർ ടി പി സി ആർ നെഗറ്റീവ് സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവയാണ് ഭക്തർ കരുതേ ത്. പത്ത് വയസിന് താഴെയുള്ള കുട്ടികൾക്ക് ആർ ടി പി സി ആർ നെഗറ്റീവ് സർട്ടിഫിക്കറ്റ് ആവശ്യമില്ല. നിലയ്ക്കലിൽ നിന്നും സർട്ടിഫിക്കറ്റ് പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷമേ തുടർ യാത്ര അനുവദിക്കൂ. നിയന്ത്രണങ്ങളിൽ ഇളവ് വന്നതും പരമ്പരാഗത പാത തുറന്നതും തീർത്ഥാടകരുടെ വരവ് കൂടാൻ കാരണമായിട്ടു ്. അർഹമായ രേഖകളോടെയെത്തുന്ന ഏതൊരു തീർത്ഥാടകനും അയ്യപ്പദർശനം ഉറപ്പാക്കുമെന്ന് ശബരിമലയുടെ ചുമതല വഹിക്കുന്ന എ.ഡി.എം അർജുൻ പാണ്ഡ്യൻ പറഞ്ഞു. ദർശനത്തിനെത്തുന്നവർ പമ്പയുടെയും ശബരിമലയുടെയും ശുചിത്വം ഉറപ്പ് വരുത്തണമെന്നും മാലകൾ, വസ്ത്രങ്ങൾ, കുപ്പികൾ, മറ്റ് ചവറ്റുകൾ എന്നിവ പമ്പാനദിയിലും ശബരിമലയുടെ പരിസരങ്ങളിലും നിക്ഷേപിക്കുന്നത് ഒഴിവാക്കണമെന്നും അദ്ദേഹം പറഞ്ഞു. സന്നിധാനത്ത് അയ്യായിരത്തിലേറെ പേർക്ക് വിരിവെക്കാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടു ്.

**അയ്യപ്പന് കാണിക്കയായി സാമ്പ്രദായിക ഭജന**

അയ്യപ്പസ്വാമിക്ക് സാമ്പ്രദായിക ഭജന കാണിക്കയർപ്പിച്ച് പുല്ലാട് ശ്രീവിഗ്നേശ്വര ഭജനസംഘം. നാമസങ്കീർത്തനം എന്ന് പേരിട്ട ഭജനാലാപനം ദർശനത്തിനെത്തിയ അയ്യപ്പ തീർത്ഥാടകർക്ക് നല്ല വിരുന്നായി. പരമ്പരാഗത ഭജനപ്പാട്ടുകളാണ് ഗായകസംഘം ആലപിച്ചത്. ഒപ്പം പ്രസിദ്ധങ്ങളായ അയ്യപ്പ ഭക്തി ഗാനങ്ങളും സംഘം ആലപിച്ചു. പ്രമുഖ ഭജന ഗായകൻ പുല്ലാട് സതീഷ് ചന്ദ്രൻ നേതൃത്വം നൽകുന്ന സംഘത്തിന്റെ എട്ടാമത്തെ പരിപാടിയായിരുന്നു സന്നിധാനത്ത് അരങ്ങേറിയത്.കണ്ണൻ റാന്നി, പ്രസാദ് വള്ളം കുളം,ബാലമുരളി ആറന്മുള, ഗണേഷ് തിരുവല്ല, ആർ എൽ വി സനോജ് പുറമറ്റം എന്നിവർ ഭജനകളാലപിച്ചു. വിജയൻ ഹാർമോണിയം , -പ്രകാശ് പുല്ലാട് ഡോലക് , അമൽജിത് പുറമറ്റം ഗഞ്ചിറ എന്നിവർ പക്കമേളമൊരുക്കി.

**ശബരിമലയിലെ നാളത്തെ (18.12.2021) ചടങ്ങുകൾ...**

പുലർച്ചെ 3.30 ന് പള്ളി ഉണർത്തൽ
4 മണിക്ക്.... തിരുനട തുറക്കൽ
4.05 ന്..... അഭിഷേകം
4.30 ന് ...ഗണപതി ഹോമം
5 മണി മുതൽ 7 മണി വരെനെയ്യഭിഷേകം
7.30 ന് ഉഷപൂജ
8 മണി മുതൽ ഉദയാസ്തമന പൂജ
11.30 ന് 25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
9 മണിക്ക് ....അത്താഴപൂജ
9.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 10 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.